**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** **19-06-2024 - ൽ മറുപടിയ്ക്ക്**

**നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് അഭിരുചിയ്ക്കനുസരിച്ച് പഠിക്കാനും തൊഴിൽ സാധ്യത ഉറപ്പുവരുത്താനും നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങൾ ഏതൊക്കെ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുകയെന്നും ഒന്നാം ഘട്ടത്തിൽ ഇത്തരത്തിലുള്ള എത്ര കേന്ദ്രങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | സമഗ്ര ശിക്ഷാ കേരളയുടെ ബ്ലോക്ക് റിസോർസസ് കേന്ദ്രങ്ങളുടെ പരിധിയിലുള്ള തെരഞ്ഞെടുത്ത (സർക്കാർ (ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി) സ്കൂളുകൾ) കേന്ദ്രീകരിച്ചാണ് നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 14 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഓരോ ബാച്ചിലും ഉൾക്കൊള്ളാൻ കഴിയുന്ന കുട്ടികളുടെ എണ്ണം, പ്രായപരിധി, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള പരിഗണന എന്നിവ വിശദമാക്കാമോ; | (സി) | 25 പരിശീലനാർത്ഥികൾ വീതമുള്ള രണ്ട് ബാച്ചുകളാണ് ഓരോ നൈപുണ്യ പരിശീലന കേന്ദ്രങ്ങളിലും ഉള്ളത്. 23 വയസ്സാണ് പരമാവധി പ്രായപരിധി. എന്നാൽ ഭിന്നശേഷി വിഭാഗത്തിലുള്ളവർക്ക് 5 വർഷവും എസ്.സി./ എസ്.ടി വിഭാഗങ്ങളിലുള്ളവർക്ക് 2 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. എസ്. സി വിഭാഗത്തിന് 8 ശതമാനവും എസ്.ടി വിഭാഗത്തിന് 2 ശതമാനവും സീറ്റ് റിസർവേഷൻ ലഭ്യമാണ്. കൂടാതെ സംവരണാനുകൂല്യമുള്ള എല്ലാ വിഭാഗക്കാർക്കും മതിയായ സീറ്റ് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാന തലത്തിൽ ഇത്തരത്തിലുള്ള എത്ര കേന്ദ്രങ്ങൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ? | (ഡി) | സംസ്ഥാനതലത്തിൽ 236 സെന്ററുകൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.അതിൽ 14 എണ്ണം പ്രവർത്തനം ആരംഭിക്കുകയും 196 എണ്ണം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ